**ശൃണ്വത: ശ്രദ്ധയാ നിത്യം ഗൃണതശ്ച സ്വചേഷ്ടിതം**
**കാലേന നാതിദീർഘേണ ഭഗവാൻ വിശതേ ഹൃദി (2-8-4)**
**പ്രവിഷ്ട: കർണ്ണരന്ധ്രേണ സ്വാനാം ഭാവസരോരുഹം**
**ധുനോതി ശമലം കൃഷ്ണ: സലിലസ്യ യഥാശരത് (2-8-5)**
**ധൌതാത്മാ പുരുഷ: കൃഷ്ണപാദമൂലം ന മുഞ്ചതി**
**മുക്തസർവ്വപരിക്ലേശ: പാന്ഥസ്സ്വ ശരണം യഥാ (2-8-6)**

പരീക്ഷിത്തുരാജാവ് ശുകമുനിയോടു ചോദിച്ചു:
“അല്ലയോ മഹർഷേ, എങ്ങിനെയാണ് നാരദൻ ബ്രഹ്മാവിൻെറ ആജ്ഞയനുസരിച്ച് ഭാഗവതകഥകൾ അവതരിപ്പിച്ചത്? ഈ ദിവ്യവിജ്ഞാനം ആദ്യമായി ആർക്കാണദ്ദേഹം പറഞ്ഞുകൊടുത്തത്? എങ്ങിനെയാണ് ഞാൻ ഭഗവാൻ ശ്രീകൃഷ്ണൻെറ പാദാരവിന്ദത്തിങ്കൽ ശ്രദ്ധപതിപ്പിക്കേണ്ടത്? മരണമടുത്തിരിക്കുന്ന സമയത്ത് ഭഗവൽപ്പാദങ്ങൾ മനസിലുറച്ചിരിക്കാൻ ഞാനെന്താണു ചെയ്യേണ്ടത്?.

ഭഗവൽക്കഥകൾ കേട്ടുകൊണ്ടിരിക്കുന്ന ഒരുവൻെറ ഹൃദയത്തിൽ ഭഗവാൻ കടന്നുചെല്ലുന്നുവല്ലൊ. ചെവികളിലൂടെ തൻെറമാത്രം പ്രത്യേകതയായ മാസ്മരികതയോടെ നിന്തിരുവടി കടന്നുചെന്ന് ഭക്തഹൃദയങ്ങളിൽ പ്രവേശിച്ച് അവൻെറ സകലപാപങ്ങളും ഇല്ലായ്മ ചെയ്യുന്നു. ഇങ്ങിനെ സംശുദ്ധമാക്കപ്പെട്ട ഹൃദയത്തിനുടമയായയാൾ ഒരിക്കലുമാപാദാരവിന്ദങ്ങളെ ഉപേക്ഷിക്കില്ല. യാത്ര ചെയ്തു ക്ഷീണിച്ചവൻ സത്രത്തെ ഉപേക്ഷിക്കാത്തതു പോലെയാണത്. പഞ്ചഭൂതങ്ങളുമായി ബന്ധമില്ലാത്ത ഈ വസ്തുക്കൾ എങ്ങിനെ പരസ്പരം ബന്ധപ്പെടുന്നു? ഇതിനൊരു കാരണമുണ്ടോ?. അതോ ഇതെല്ലാം ആകസ്മികം മാത്രമോ? എന്താണ് ബന്ധനം? എന്താണ് മോചനം? എങ്ങിനെയാണ് ഒരുവൻ തൻെറ ആത്മസത്തയിൽ പിടിച്ചു നിലകൊള്ളുന്നത്?

മനുഷ്യാവയവങ്ങൾപോലെ ഭഗവദവയവങ്ങൾ എന്നുപറഞ്ഞുവല്ലൊ. നിന്തിരുവടി, മനുഷ്യൻെറ രൂപഭാവത്തിലാണോ ഉള്ളത്? എന്താണുഭഗവാൻെറ സത്യസ്വരൂപം? സ്വനിർമ്മിതമായ മായാശക്തിയിൽ നിന്നു പുറത്തുവരുമ്പോഴും ഭഗവൽരൂപമെന്താണ്? ഭഗവദവയവങ്ങൾ (കൈകാലുകൾ) വിവിധ ലോകങ്ങളെ ഉൾക്കൊള്ളുന്നു എന്നും അവ വിവിധലോകങ്ങൾ തന്നെയാണെന്നും അവിടുന്നു പറഞ്ഞുവല്ലൊ. ഈ വസ്തുതയെ ഒന്നു വിവരിച്ച് തന്നാലും.

സൃഷ്ടിസംഹാരചക്രത്തിൻെറ നീളം, കാലം ഇവയെ വിശദമാക്കിത്തന്നാലും. എങ്ങിനെയാണീ ലോകമുണ്ടായത്? എങ്ങിനെയാണു ലോകത്ത് ജീവജാലങ്ങളുണ്ടായത്? അവ വ്യത്യസ്ത സ്വഭാവരൂപ ഗുണങ്ങളാർജ്ജിക്കുന്നതെങ്ങിനെയാണ്? ചാക്രികയുഗങ്ങൾക്ക് വ്യത്യസ്ഥ സ്വഭാവ വിശേഷതകൾ ഉണ്ടോ? വിവിധ സമൂഹതലങ്ങളിലെ മനുഷ്യർ അനുഷ്ടിക്കേണ്ട കടമകൾ എന്തെല്ലാം? ജീവിതത്തിലെ പല ഘട്ടങ്ങളിലും എന്തൊക്കെയാണു മനുഷ്യൻ അനുഷ്ടിക്കേണ്ടത്? എങ്ങിനെയാണു നാം ആ വിശ്വപുരുഷനെ പൂജിക്കേണ്ടത്? യോഗാഭ്യാസമാർഗ്ഗങ്ങളേവ? ധാർമ്മീക ജീവിതവും അതിൽനിന്നുണ്ടാകുന്ന ആനന്ദവും എങ്ങിനെ കൈകാര്യം ചെയ്യണം?. ഭഗവൻ, അവിടുന്നു സത്യമറിഞ്ഞ വിജ്ഞാനികളിൽ അഗ്രഗണ്യനാണല്ലൊ. അവിടുന്നാണ് എനിക്കിതെല്ലാം പറഞ്ഞു തരാൻ ഏറ്റവുമുത്തമൻ. എന്തുകൊണ്ടെന്നാൽ അങ്ങീ വിജ്ഞാനമെല്ലാം നേരിട്ടു മനസ്സിലാക്കിയ ആളാണല്ലൊ. മറ്റുള്ളവർ കേട്ടകഥകളെ വിവരിച്ചുതരുന്നവർ മാത്രമത്രെ.”

സൂതൻ പറഞ്ഞു:
പരീക്ഷിത്തിൻെറ ചോദ്യങ്ങൾക്കുത്തരമായി ശുകമഹർഷി ഭാഗവതകഥ വിവരിക്കാൻതുടങ്ങി. ഈ കഥ ഭഗവാൻസ്വയം ബ്രഹ്മാവിനു വിവരിച്ചു കൊടുത്തതാണ്.